**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണവകുപ്പ്- ജീവനക്കാര്യം - ആലപ്പുഴ ജില്ലയിലെ ദേവികുളങ്ങര ഗ്രാമ പഞ്ചായത്തിൽ പാർട്ട് ടൈം ഫെറിമാൻ ആയിരിക്കേ മരണമടഞ്ഞ ആർ.സരസന്റെ ഭാര്യയും ആശ്രിതയുമായ ശ്രീമതി സരള.പി ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിതനിയമനത്തിനുള്ള അപേക്ഷ സമർപ്പിക്കുവാൻ വന്ന കാലതാമസം മാപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(കൈ) നം.5/2020/തസ്വഭവ. തീയതി, തിരുവനന്തപുരം,02/01/2020.**

---

പരാമർശം :
1) ജി.ഒ.(പി) നം. 12/99/പി & എ ആർ.ഡി തീയതി, 24/05/1999.
2) സർക്കുലർ നം 6678/ഉപ.സി2/2004/ഉ.ഭ.പ.വ തീയതി 18/05/2004
3) ശ്രീമതി സരള.പി യുടെ 12/05/2017, 12.01.2018 എന്നീ തീയതികളിലെ അപേക്ഷ.
4) പഞ്ചായത്ത് ഡയറക്ടറുടെ 20/08/2018-ലെ E14/36001/2017- നം. കത്ത്.

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ ദേവികുളങ്ങര ഗ്രാമ പഞ്ചായത്തിൽ പാർട്ട് ടൈം ഫെറിമാൻ ആയിരിക്കേ മരണമടഞ്ഞ ശ്രീ. ആർ.സരസന്റെ ഭാര്യയും ആശ്രിതയുമായ ശ്രീമതി. സരള.പി ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ മുഖേന അപേക്ഷ സമർപ്പിച്ചു.

ആലപ്പുഴ ജില്ലയിലെ ദേവികുളങ്ങര ഗ്രാമ പഞ്ചായത്തിൽ പാർട്ട് ടൈം ഫെറിമാൻ ആയിരിക്കേ 16.11.2012 ൽ മരണമടഞ്ഞ ആർ.സരസന്റെ ഭാര്യ ശ്രീമതി സരള.പി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചത് 12.05.2017 ലാണ്. അപേക്ഷകയുടെ ജനനതീയതി 09.05.1964 ആണ്. അപേക്ഷ സമർപ്പിക്കുന്നതിന് ടിയാൾ 02 വർഷവും 05 മാസവും 26 ദിവസവും കാലതാമസം വരുത്തിയിട്ടുണ്ട്.

പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 19 പ്രകാരം സർക്കാർ ഉദ്യോഗസ്ഥൻ മരണമടഞ്ഞ് 2 വർഷത്തിനകമോ ആശ്രിതൻ മൈനറാണെങ്കിൽ പ്രായ പൂർത്തിയായി 3 വർഷത്തിനകമോ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള

നിയമനത്തിനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ടി വ്യവസ്ഥ പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിൽ അപേക്ഷക 02 വർഷവും 05 മാസവും 26 ദിവസവും കാലതാമസം വരുത്തിയിട്ടുണ്ട്. ആശ്രിത നിയമനത്തിന് അപേക്ഷിക്കുന്നതിന് നിശ്ചിത സമയ പരിധിയുണ്ടെന്ന അറിവില്ലായ്മകൊണ്ടും നിയമപരിജ്ഞാനം ഇല്ലാതിരുന്നതിനാലും സഹായിക്കാൻ ആരും ഇല്ലാതിരുന്നതിനാലുമാണ് യഥാസമയം അപേക്ഷ നൽകുന്നതിന് കഴിയാതിരുന്നതെന്നും ആയതിനാൽ അപേക്ഷ സമർപ്പിക്കുന്നതിന് ഉണ്ടായ കാലതാമസം മാപ്പാക്കി അപേക്ഷ പരിഗണിക്കണമെന്നും അഭ്യർത്ഥിച്ച് ശ്രീമതി സരള.പി 12.01.2018 ലെ മാപ്പ് അപേക്ഷ പ്രകാരം സർക്കാരിനോട് അപേക്ഷിച്ചിരുന്നു

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച ആലപ്പുഴ ജില്ലയിലെ ദേവികുളങ്ങര ഗ്രാമ പഞ്ചായത്തിൽ പാർട്ട് ടൈം ഫെറിമാൻ ആയിരിക്കേ മരണമടഞ്ഞ ആർ.സരസന്റെ ഭാര്യയും ആശ്രിതയുമായ ശ്രീമതി സരള.പി ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിതനിയമനത്തിനുള്ള അപേക്ഷ സമർപ്പിക്കുവാൻ ഉണ്ടായ 2 വർഷവും 05 മാസവും 26 ദിവസത്തിന്റെയും കാലതാമസം മാനുഷിക പരിഗണന കണക്കിലെടുത്ത് ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് മാപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ടി.കെ ജോസ്**

**ഗവ. അഡീഷണൽ ചീഫ് സെക്രട്ടറി**

ശ്രീമതി. സരള.പി, മുട്ടേൽപുതുവൽ, കീരിക്കാട് തെക്ക്, കായംകുളം.പി.ഒ, ആലപ്പുഴ-690502.
(രജിസ്റ്റേഡ് തപാൽ മുഖാന്തിരം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.(അനുബന്ധ രേഖകൾ സഹിതം മടക്കുന്നു).
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, ദേവികുളങ്ങര ഗ്രാമപഞ്ചായത്ത്, ആലപ്പുഴ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പൊതുഭരണ (എസ്.സി) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.(സർക്കാരിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഇപിഎ 3/327/18/തസ്വഭവ).

ഉത്തരവിൻപ്രകാരം

Danuja M

സെക്ഷൻ ഓഫീസർ